# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.72** | **08/01/2014-ൽ മറുപടിക്ക്**

## ജനറിക് മരുന്നുകളുടെ വിതരണം

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
" കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം വരെയുള്ള സർക്കാരാശുപത്രികളിലൂടെ സൗജന്യമായി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം നൽകാമോ ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി നൽകിയിരുന്ന 518 ഇനം അവശ്യമരുന്നുകൾക്കു പുറമെ സാധാരണയായി രോഗികൾ ഉപയോഗിച്ചുവരുന്ന 314 ഇനം ജനറിക് മരുന്നുകൾ കൂടി സൗജന്യമായി നൽകുന്ന പദ്ധതിയുടെ ആദ്യഘട്ടം 2012 നവംബർ 1 ന് സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും ആരംഭിച്ചു. 2013 ഒക്ടോബർ 2-ാം തിയതി മുതൽ പ്രസ്തുത പദ്ധതി സംസ്ഥാനത്തെ മെഡിക്കൽ കോളേജു തലം മുതൽ പ്രാഥമികാരോഗ്യകേന്ദ്രം വരെയുള്ള സർക്കാർ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് എന്ത് തുകയാണ് നൽകിയതെന്ന് വിശദമാക്കാമോ ; തുക പര്യാപ്തമായിരുന്നുവോ ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ തുക 30.06.2012 തീയതിയിലെ സ.ഉ. (കൈ) നം. 200/2012/ആ.കു.വ പ്രകാരം സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ വിൽപനയിൽ 1% നികുതി ചുമത്തുകയും, പ്രസ്തുത തുക മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകേണ്ടതാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഇനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക ലഭ്യമാക്കുന്നത് സംബന്ധിച്ച് ടാക്സസ് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (സി) | ജനറിക് മരുന്നുകളും ബ്രാൻഡഡ് മരുന്നുകളും സർക്കാരാശുപത്രികളിൽ ലഭ്യമാകാത്തതിനാൽ രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മരുന്നുക്ഷാമം പരിഹരിക്കാൻ അടിയന്തിരമായി എന്തൊക്കെ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ? | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, സർക്കാർ ആശുപത്രികൾ മുഖേന ജനറിക് നാമത്തിലുള്ള മരുന്നുകളാണ് സൗജന്യമായി വിതരണം ചെയ്തുവരുന്നത്. നിലവിൽ സംസ്ഥാന ആരോഗ്യ വകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളാണ് കോർപ്പറേഷൻ മുഖേന സംഭരിച്ചുവരുന്നത്. പ്രസ്തുത മരുന്നുകളിൽ അവശ്യം വേ ണ്ട ജീവൻരക്ഷാ മരുന്നുകളെല്ലാം തന്നെ എല്ലാ സർക്കാർ ആശുപത്രികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പുതിയ പദ്ധതി പ്രകാരം, കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികൾ മുഖേനയും ജനറിക് മരുന്നുവിതരണം നടത്തുന്ന പദ്ധതി 2013 ഒക്ടോബർ മാസമാണ് ആരംഭിച്ചത്. ഇതിനായി എന്തുമാത്രം മരുന്നു കൾ എത്ര അളവിൽ വേണം എന്നത് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമാകുവാൻ, എല്ലാ ആശുപത്രികളിലും പദ്ധതി ആരംഭിച്ച് ചുരുങ്ങിയത് ഒരു വർഷക്കാലമെങ്കിലും വേണ്ടി വരും. എങ്കിലും ആവശ്യമായ മരുന്നുകൾ സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ കോർപ്പറേഷൻ മുഖേന സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ